

ബൈബിൾ ചിത്രകഥ 33

# മുന്നോടി



# ബൈബിൾ ചിത്രകഥ-33



## യേശുക്രിസ്തു -3



# മുന്നോടി

രചന : മൈക്കിൾ കാരിമറ്റം

ചിത്രീകരണം : ദേവസി * ബെന്നി

# മുന്നോടി

യേശു ഈജിപ്തിൽ നിന്നു മടങ്ങി വന്ന തു മുതൽ പരസ്യജീവിതം ആരംഭിക്കുന്നതു വരെയുള്ള കാലഘട്ടത്തെയാണ് ഈ കഥയിൽ ചിത്രീകരിക്കുന്നത്. നസ്രത്തിലെ ജീവിതത്തെക്കുറിച്ചു സുവിശേഷകർ കാര്യ മായ ഒരു വിവരവും നമുക്കു നൽകുന്നില്ല. അനുസരണയുള്ള ഒരു ബാലനായി അവൻ വളർന്നു. എല്ലാവരും അവനെ സ്നേഹിച്ചു. ആശാരിപ്പണി ചെയ്ത് ഒരു തൊഴിലാളി യെപ്പോലെ അവൻ ജീവിച്ചു. ലോകചരി ത്രത്തിൽ ആരും പ്രാധാന്യം കൽപ്പിക്കാത്ത

ഒരു സാധാരണക്കാരന്റെ ജീവിതമായിരുന്നു അത്. നെറ്റിയിലെ വിയർപ്പു കൊണ്ട് ആഹാരം സമ്പാദിച്ച അവൻ തൊഴിലിന്റെ മഹാത്മ്യവും തൊഴിൽ ചെയ്യേണ്ടതിന്റെ ആവശ്യകതയും നിശബ്ദമായി പഠിപ്പിക്കുകയായിരുന്നു.

പന്ത്രണ്ടാം വയസ്സിൽ ദേവാലയത്തിൽ വച്ചു നടന്ന സംഭവം മാത്രമേ ഈ കാലഘട്ടത്തിൽ ശ്രദ്ധേയമായി സുവിശേഷകൻ എടുത്ത് കാട്ടുന്നുള്ളൂ. യേശു മാതാപിതാക്കളിൽ നിന്നു വേർപെട്ട സാഹചര്യം ഈ കഥയിൽ സാങ്കല്പികമായിട്ടാണ് അവ

തരിപ്പിച്ചിരിക്കുന്നത്. പലസ്തീനായുടെ അന്നത്തെ പ്രത്യേക അവസ്ഥ ഇതിനു താങ്ങായി ഉണ്ട്. ദൈവമാണ് തന്റെ പിതാവെന്നും പിതാവിന്റെ ജോലിയിൽ വ്യാപൃതനായിരിക്കുകയാണ് തന്റെ ദൗത്യം എന്നും ഉള്ള യേശുവിൻറെ ആത്മാവബോധം വ്യക്തമാക്കുന്നതാണ് ഈ സംഭവം. കാണാതാകലും മൂന്നാം ദിവസം കണ്ടുമുട്ടലും യേശുവിൻറെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും മുന്നാസ്വാദനമാണ്.

രക്ഷകന്റെ വരവിനു വഴിയൊരുക്കാൻ അയക്കപ്പെട്ട മുന്നോടിയാണ് സ്നാപകയോ

ഹന്നാൻ. ദൈവത്തിൻറെ വിളി ലഭിക്കുന്നതുവരെ അദ്ദേഹം മരുഭൂമിയിലായിരുന്നു എന്ന് മാത്രമേ സുവിശേഷകൻ പറയുന്നുള്ളൂ. എസ്സേൻ സന്യാസ സമൂഹവുമായുള്ള ബന്ധം സാങ്കല്പികമാണ്. അവരുടെ ജീവിതശൈലിയും പഠനങ്ങളുമായുള്ള യോഹന്നാന്റെ സാമ്യവും വ്യത്യാസങ്ങളുമാണ് ഇപ്രകാരം ഒരു ചിത്രീകരണത്തിന് പിൻബലമായുള്ളത്. അന്നു നിലവിലിരുന്ന ഫരിസേയർ, എസ്സേനർ, തീവ്രവാദികൾ തുടങ്ങിയ എല്ലാ വിഭാഗങ്ങളിൽനിന്നും വ്യത്യസ്തമായിരുന്നു യോഹന്നാന്റെ ജീവിതവും സന്ദേശവും. അദ്ദേഹത്തിൻറെ വേഷം

ഏലിയാ പ്രവാചകനെ ഓർമിപ്പിക്കുന്നു വാക്കുകൾ പഴയ നിയമ പ്രവാചകരേയും.

ദൈവത്തിൻറെ ഭീകരമായ ശിക്ഷാവിധി ആസന്നമായിരിക്കുന്നു. യഥാർത്ഥമായ ഹൃദയ പരിവർത്തനവും ജീവിത നവീകരണവും മാത്രമേ രക്ഷ നൽകൂ എന്നു യോഹന്നാൻ തറപ്പിച്ചു പറഞ്ഞു. ദൈവത്തിൻറെ മുമ്പിൽ എല്ലാവരും പാപികളാണ്. അവകാശവാദങ്ങളൊന്നും വിലപ്പോകില്ല. താൻ പാപിയാണെന്നും രക്ഷനേടാൻ ആഗ്രഹിക്കുന്നുവെന്നും ഏറ്റു പറയുന്നതിന്റെ അടയാളമായിരുന്നു മാമ്മോദീസ. സാധാരണ

ജനം യോഹന്നാന്റെ ആഹ്വാനം സ്വീകരിച്ചപ്പോൾ വിശുദ്ധരെന്ന് സ്വയം അഭിമാനിച്ചു നേതാക്കന്മാർ മാറിനിന്ന് അവനെ ചോദ്യം ചെയ്തു. രക്ഷ തങ്ങളുടെ ജന്മാവകാശമാണെന്നായിരുന്നു അവരുടെ ധാരണ.


സാധാരണ ജനങ്ങളോടൊപ്പം യേശുവും മാമ്മോദീസ സ്വീകരിച്ചു. സ്വന്തമായി പാപമില്ലാതിരിക്കേ ലോകത്തിൻറെ പാപം മുഴുവൻ ഏറ്റുവാങ്ങി, പാപിയായ മനുഷ്യരോട് താദാത്മ്യം പ്രാപിക്കുകയായിരുന്നു അവൻ അതുവഴി ചെയ്തത്. സ്വർഗ്ഗത്തിൽ നിന്നു മുഴങ്ങിയ ശബ്ദം യേശുവിനെ ദൈവപുത്ര

നായി ഏറ്റുപറഞ്ഞു. പരിശുദ്ധാത്മാവ് അവനെ തൻറെ ദൗത്യത്തിനായി അഭിഷേകം ചെയ്തു.

മാനസാന്തരത്തിനുള്ള ആഹ്വാനത്തിൽ നിന്നു യോഹന്നാൻ ആരെയും ഒഴിവാക്കിയില്ല. ഇത് ഭരണാധികാരിയായ ഹേറോദേസ്അന്തിപ്പാസിനെ ചൊടിപ്പിച്ചു. ഹേറോദിയായെ പരിഗ്രഹിക്കാൻ വേണ്ടി അയാൾ ഉപേക്ഷിച്ച ആദ്യ ഭാര്യ നബത്തേയൻ രാജാവായ അരേത്താസിൻറെ മകളായിരുന്നു. അതിനു പ്രതികാരം ചെയ്യാൻ അരേത്താസ് ഒരുങ്ങുന്ന സാഹചര്യത്തിൽ

യോഹന്നാന്റെ പരസ്യാരോപണം തനിക്കെതിരെ ജനങ്ങളെ ഇളക്കിവിടുമെന്ന് ഹേറോദേസ് കരുതി. മനസ്സാക്ഷിയുടെ പുറമേ രാഷ്ട്രീയ പ്രത്യാഘാതങ്ങളും ഭയന്ന് അയാൾ സ്നാപകനെ നിശബ്ദനാക്കാൻ തീരുമാനിച്ചു. വഴിയൊരുക്കുവാൻ വന്ന മുന്നോടിക്കു ലഭിച്ച സ്വീകരണം പിന്നാലെ വരുന്നവനു ലഭിക്കാൻ പോകുന്ന സ്വീകരണത്തിന്റെ സൂചനയാണ്.

യേശുവിനു പന്ത്രണ്ടു വയസ്സായപ്പോൾ നസ്രത്തിലെ സിനഗോഗിൽ വച്ചു ബർമിസ്വാ എന്ന ചടങ്ങ് ആചരിച്ചു. അതിൻറെ ഭാഗമായി യേശു ബൈബിളിൽ നിന്ന് ഒരു ഭാഗം വായിച്ചു.




വായനക്കു ശേഷം
ജോസഫിന്റെ മകനായ യേശു, നീ ഇന്നു പൂർണ്ണ അവകാശങ്ങളുള്ള ഒരു ഇസ്രായേൽ പൗരനായിരിക്കുന്നു. കർത്താവു നൽകിയ ഉടമ്പടിയുടെ നിയമങ്ങൾ അനുസരിക്കാനുള്ള കടമയും നിനക്കുണ്ടായിരിക്കും.
!
!


സന്തോഷത്തിലും ദുഃഖത്തിലും ദൈവത്തിൻറെ വചനം നിൻറെ പാദങ്ങൾക്കു പ്രകാശമായിരിക്കട്ടെ.


മിശിഹാ വന്നു നമുക്കു പൂർണ്ണ സ്വാതന്ത്ര്യം നൽകുന്നതുവരെ തിരുവചനത്തിൽ അടിയുറച്ചു പ്രാർത്ഥനയോടെ ജീവിക്കുക.


സിനഗോഗിലെ ശുശ്രൂഷ കഴിഞ്ഞപ്പോൾ.
സമാധാനത്തോടെ പോകുവിൻ. മിശിഹായെ അയച്ചു നമ്മെ മോചിപ്പിക്കാനായി കർത്താവിനോടു മുട്ടിപ്പായി പ്രാർത്ഥിക്കുവിൻ.
റബ്ബീ...


ഇതാര്, അബ്ബാസോ! നീ എന്തേ ഇത്ര താമസിച്ചു? ബർമിസ്വാ ആഘോഷം കഴിഞ്ഞല്ലോ.
ആഘോഷങ്ങൾ എല്ലാം അവസാനിക്കുകയാണ്.
!?


എന്താണീ പറയുന്നത്?
സെഫോറിസിൽ കലാപം ആരംഭിച്ചു കഴിഞ്ഞു. ഹെസക്കിയായുടെ മകൻ യൂദാസ് രാജകൊട്ടാരത്തിലെ ആയുധശാല കൊള്ളയടിച്ചു.


അന്തിപ്പാസിന്റെ പടയാളികൾ ഒന്നും ചെയ്തില്ലേ?
അവർക്കു ചെറുത്തുനിൽക്കാനാവാത്ത ഒരു ജനകീയ മുന്നേറ്റമാണിത്. ആയിരങ്ങൾ അവൻറെ കൂടെ ചേർന്നു കഴിഞ്ഞു.
എങ്കിൽ റോമാക്കാർ താമസിയാതെ ഇടപെടും.


അവരെ തുരുത്തുകയാണ് നമ്മുടെ ലക്ഷ്യം. കണ്ടില്ലേ അവരുടെ ധിക്കാരം! വീണ്ടും നമ്മെ എണ്ണാൻ പോകുന്നു.


ജനസംഖ്യാ കണക്കെടുക്കുക ഇസ്രായേലിനു നിഷിദ്ധമാണ്.
കർത്താവിൻറെ നിയമം അനുസരിക്കാനുള്ള തീഷ്ണതയാൽ ജ്വലിക്കുന്നവരാണ് യൂദാസിന്റെ അനുയായികൾ.



മക്കബായരെപ്പോലെ തീവ്രവാദികൾ. കർത്താവിനെയല്ലാതെ മറ്റൊരു രാജാവിനെ ഞങ്ങൾ അംഗീകരിക്കുകയില്ല.
അബ്ബാസ്, നീയും ആ കൂട്ടത്തിൽ ചേർന്നു കഴിഞ്ഞോ? ഹെസക്കിയായ്ക്കു സംഭവിച്ചതു കണ്ടില്ലേ?


കുരിശിൽ തറച്ചു കൊന്നു. അതുകൊണ്ടുതന്നെ യഥാർത്ഥ ഇസ്രായേൽക്കാരെല്ലാം ആയുധമെടുക്കേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞു.


ലോകം അടക്കിഭരിക്കുന്ന റോമാക്കാർക്കെതിരെ യുദ്ധംചെയ്തു ജയിക്കുമെന്നു നീ കരുതുന്നുണ്ടോ?
ഈജിപ്തിൽ നിന്നു ലഭിച്ച മോചനം മറന്നുപോയോ? മോശയുടെ സ്ഥാനത്താണിന്നു യൂദാസ്.
മോശ ആയുധമെടുത്തല്ല പുറപ്പാടു നയിച്ചത്. കർത്താവാണു മോചനം നൽകിയത്.



കർത്താവിനും അവിടുത്തെ നിയമത്തിനും വേണ്ടി ആയുധമെടുത്തവരുടെ ചരിത്രമാണ് ഇസ്രയേൽ ചരിത്രം.
അതു പരാജയത്തിന്റെയും അവിശ്വസ്തതയുടെയും ചരിത്രമാണ് . ആ ചരിത്രം തിരുത്തി കുറിക്കാനാണ് നാം ഒരു മിശിഹായെ പ്രതീക്ഷിക്കുന്നത്.
മിശിഹാ ദാവീദിൻറെ പുത്രനായിരിക്കും. ദാവീദിനെപ്പോലെ ധീരനായ യോദ്ധാവും ശക്തനായ രാജാവും.



എനിക്കു തർക്കിച്ചു നില്ക്കാൻ സമയമില്ല. വനത്തിൽ ആയുധപരിശീലനമുണ്ട്. ഞാൻ പോകുന്നു.



കുറച്ചുനാളുകൾക്കു ശേഷം ജോസഫിന്റെ വീട്ടിൽ.
ഈ വർഷത്തെ പെസഹായ്ക്ക് യേശുവിനെയും കൊണ്ടുപോകണം പ്രായപൂർത്തിയായതല്ലേ?
തീർച്ചയായും. പക്ഷേ ഇത്തവണ ജറുസലേമിൽ കലാപമുണ്ടാകാൻ സാധ്യതയുണ്ട്.
എന്തിനാണപ്പച്ചാ കലാപം? ആരാണ തുണ്ടാക്കുന്നത്?


യൂദാസും കൂട്ടരും പെസഹായ്ക്കു ജെറുസലേമിൽ റോമാക്കാരെ എതിരിടാൻ തീരുമാനിച്ചിരിക്കയാണ്.
അതു പെരുന്നാളിന്റെ അവസാന ദിവസംമാകാനേ സാധ്യതയുള്ളൂ നമുക്ക് അതിനുമുമ്പേ പോരാം.



യേശുവിനെ തീർത്ഥയാത്രയ്ക്കു കൊണ്ടുപോകണം. പക്ഷേ, ജെറുസലേമിൽ യുദ്ധം ഉണ്ടായാൽ...
ദൈവം കാത്തുകൊള്ളും. നമ്മൾ കലാപത്തിനൊന്നും പോകുന്നില്ലല്ലോ.
!


അവർ ജെറുസലേമിലെത്തി.
.എന്തിനാണപ്പച്ചാ ആ തൂണുകൾ നാട്ടിയിരിക്കുന്നത്?
രാജ്യദ്രോഹക്കുറ്റം ചെയ്യുന്നവരെ തറച്ചു കൊല്ലാനുള്ള കുരിശുകളാണത്. അതാ ദേവാലയം. നമുക്കു സങ്കീർത്തനമാലപിക്കാം.
കർത്താവേ, അങ്ങയുടെ ആലയം എത്ര മനോഹരം...


ദേവാലയവളപ്പിൽ
നിയമപ്രകാരം ബലിയർപ്പി-
ക്കാൻ പറ്റിയ കുഞ്ഞാട്.
ചട്ടും, പൊട്ടും ഇല്ല. ഇത്ര
കുറഞ്ഞവിലയ്ക്ക്
വേറൊരിടത്തും കിട്ടില്ല.
നസ്രത്തിൽ ഇതിന്റെ
നാലിലൊന്നു വില
മതി. എന്തായാലും
യേശു നൽകുന്ന
ആദ്യത്തെ കാഴ്ചയല്ലേ.


മോനേ, ഇതിനപ്പുറത്തേക്ക് സ്ത്രീകൾക്കു പ്രവേശനമില്ല. നിങ്ങൾ പോയി ബലിയർപ്പിച്ചിട്ടു മടങ്ങിവരണം. കൂട്ടം വിട്ടു പോകാതെ സൂക്ഷിക്കണം.
ദേവാലയത്തിനുള്ളിൽ വച്ചു കാണാൻ പറ്റിയില്ലെങ്കിൽ നമുക്കു ബഥാനിയായിൽ വച്ചു കാണാം. നമ്മുടെ ആൾക്കാരെല്ലാം വൈകുന്നേരം അവിടെ ഒരുമിച്ചു കൂടും.


ഞങ്ങൾ ദൈവത്തിനു നൽകുന്ന ഈ കാഴ്ച സ്വീകരിച്ചു ഞങ്ങളെ അനുഗ്രഹിച്ചാലും.
ദൈവത്തിനു പ്രീതികരമായ കുഞ്ഞാട്. കർത്താവിൻറെ മുഖം നിങ്ങളുടെ മേൽ പ്രകാശിക്കട്ടെ.


എന്താ വാതില്ക്കൽ വലിയ ബഹളം?
റോമൻ പടയാളികൾ.
എന്തോ സംഘട്ടനം നടക്കുകയാണ്. വരൂ! വേഗമാകട്ടെ.


തിക്കിത്തിരക്കി ആളുകൾ പുറത്തേക്ക് ഓടി യേശുവും ജോസഫും തമ്മിൽ അകന്നുപോയി.
ഗലീലിക്കാരൻ യൂദാസിനെ റോമാക്കാർ പിടികൂടി.
അനുയായികളെ തിരയുകയാണ്. നാലു പടയാളികളെ അതിനുമുമ്പ് അയാൾ കൊന്നു.
ദൈവമേ, ഈ അടിമത്തവും രക്തച്ചൊരിച്ചിലും ഒരിക്കലും അവസാനിക്കുകയില്ലേ?

ബഹളം അവസാനിച്ചപ്പോൾ യേശു തനിച്ചായി. ദേവാലയത്തിൽ ചുറ്റി നടന്ന അവൻ നിയമപണ്ഡിതന്മാർ തർക്കിച്ചു കൊണ്ടിരുന്ന ഒരു കോണിൽ ചെന്നെത്തി.




റോമാക്കാരും മനുഷ്യരല്ലേ? അവർ പ്രവേശിച്ചാൽ ദേവാലയം അശുദ്ധമാകുമോ?
അവർ വിജാതീയരാണ്. അതിനാൽത്തന്നെ അശുദ്ധരാണ്.


ദൈവം എല്ലാവരുടെയും പിതാവല്ലേ. അപ്പോൾ അവിടുത്തെ ആലയം എല്ലാവർക്കും വേണ്ടിയുള്ളതല്ലേ?
ദൈവമായ കർത്താവു പ്രത്യേകം തെരഞ്ഞെടുത്തതു വിശുദ്ധ ജനമായ ഇസ്രായേലിനെ മാത്രമാണ്.


നസ്രത്തിൽനിന്നുള്ള തീർത്ഥാടകർ വൈകുന്നേരം ബഥാനിയായിൽ ഒരുമിച്ചുകൂടി.
ദൈവത്തിനു സ്തോത്രം. ഇന്നു ജെറുസലേമിൽ നിന്നു രക്ഷപ്പെടാൻ കഴിയുമെന്നു വിചാരിച്ചില്ല.
സർവത്ര റോമൻ പടയാളികൾ ഗലീലിക്കാരായ പുരുഷന്മാരെ പ്രത്യേകം തടഞ്ഞുനിർത്തി. കലാപകാരികളല്ലെന്നു തീർച്ചയാക്കിയതിനു ശേഷമേ വിട്ടയച്ചുള്ളൂ.


ആയുധമൊന്നും കൈവശമില്ലാത്തതു ഭാഗ്യമായി. ആകട്ടെ, ഭക്ഷണം കഴിക്കാം. മോനെന്തിയേ?
ഞാൻ കരുതി നിൻറെ കൂടെ ഉണ്ടാകുമെന്ന്?.


നമ്മൾ തമ്മിൽ പിരിഞ്ഞതിൽ പിന്നെ ഞാൻ കണ്ടില്ല.

വലിയ ദുഃഖത്തോടെ എല്ലായിടത്തും അവർ യേശുവിനെ അന്വേഷിച്ചു. മൂന്നാം ദിവസം ദേവാലയത്തിൽവച്ചു കണ്ടുമുട്ടി.




മോനേ, ഞങ്ങൾ നിന്നെ എവിടെയെല്ലാം അന്വേഷിച്ചു!
നിങ്ങൾ എവിടെയാ എന്നെ അന്വേഷിച്ചത്? ഞാൻ എൻറെ പിതാവിൻറെ ഭവനത്തിൽ ആയിരിക്കേണ്ടതാണെന്ന് നിങ്ങൾക്കറിയില്ലേ?


വരൂ! നമുക്ക് വീട്ടിലേക്ക് പോകാം.


അവൻ അവരോടുകൂടെ പോയി. നസ്രത്തിൽ അവർക്കു വിധേയനായി ജീവിച്ചു. രണ്ടു വർഷങ്ങൾക്കുശേഷം.
ജോസഫ്, നീ അറിഞ്ഞോ, നമ്മുടെ രാജാവ് തടാക തീരത്ത് പുതിയൊരു പട്ടണം പണിയുന്നു.
തലസ്ഥാനം അങ്ങോട്ടു മാറ്റാനാണെന്നു കേട്ടു. ചക്രവർത്തിയുടെ ബഹുമാനാർത്ഥം ടിബേരിയാസ് എന്നായിരിക്കുമത്രെ പേര്.



വാനം മാന്തിയപ്പോൾ അസ്ഥികൂടങ്ങൾ! അതൊരു ശവപ്പറമ്പായിരുന്നു.
രാജാവിന് എവിടെയും പണിയാമല്ലോ. പക്ഷേ അതിനായി ചുമത്തുന്ന നികുതിയാണു താങ്ങാനാവാത്തത്.


യൂദാസിന്റെ അനുയായികൾ ശക്തിപ്പെടുന്നുണ്ട്. അവർ ഒരു പരിഹാരമുണ്ടാക്കും.
അവരിപ്പോൾ നാട്ടുമ്പുറങ്ങളിൽ കടന്നു നമ്മുടെ ആൾക്കാരെയും ഉപദ്രവിക്കുന്നുണ്ടല്ലോ?


റോമാക്കാരെ സഹായിക്കുന്നവരെയല്ലേ?
രാജാവും, റോമാക്കാരും, തീവ്രവാദികളും കൂടി പൊറുതിമുട്ടിക്കുകയാണ്.


ആർക്കെലാവൂസിനെ നാടുകടത്തിയിട്ടു റോമാക്കാർ യൂദായിൽ ഭരണം ഏറ്റെടുത്തു കഴിഞ്ഞു.
ഗലീലിയിൽ അതുണ്ടാകുമെന്ന് തോന്നുന്നില്ല. ആരു ഭരിച്ചാലെന്താ, ഭാരം നമ്മുടെ തലയിൽ.

യേശു നസ്രത്തിൽ ആശാരിപ്പണി ചെയ്തു ജീവിച്ചു. അതേസമയം യോഹന്നാൻ യൂദാ മരുഭൂമിയിൽ ചാവുകടലിന്റെ തീരത്തുള്ള ഖുമ്റാനിൽ സന്യാസികളുടെ കൂടെ വളരുകയായിരുന്നു.




തീഷ്ണമതികളായ ആചാര്യന്മാരുടെ കീഴിൽ അവൻ പരിശീലനത്തിനു വിധേയനായി.
നിങ്ങളുടെ പരിശീലനത്തിന്റെ ആദ്യഘട്ടം കഴിഞ്ഞു. ഇനി കൂടുതൽ കർശനമായ പരിശീലനം ആരംഭിക്കുകയാണ്. യോഹന്നാൻ മാത്രമേ അതിനർഹനായിട്ടുള്ളൂ.


എനിക്ക് ഈ സമൂഹത്തിൽ തുടർന്നു ജീവിച്ചു മിശിഹായ്ക്കു വഴിയൊരുക്കാൻ ആഗ്രഹമുണ്ട്.
അന്ധകാരത്തിനെതിരെയുള്ള അന്തിമ പോരാട്ടത്തിൽ എനിക്കും പങ്കെടുക്കണം.
അന്ത്രയോസ്, യാക്കോബ്, നിങ്ങളുടെ ആഗ്രഹവും നല്ലതുതന്നെ. എന്നാൽ ഇവിടെ തുടരേണ്ട.



വീടുകളിലേക്കു മടങ്ങിച്ചെന്ന് ഇവിടെനിന്നു പഠിച്ചതനുസരിച്ചു ജീവിക്കുക. നമ്മുടെ ചൈതന്യം പാലസ്തീനായിൽ മുഴുവൻ പ്രചരിക്കണം.



സമയമാകുമ്പോൾ നിങ്ങൾക്കും അന്തിമ പോരാട്ടത്തിൽ പങ്കെടുക്കാൻ കഴിയും. പ്രകാശത്തിന്റെ മക്കൾ എല്ലായിടത്തുമുണ്ടാകണം.


ഗുരോ, ഞങ്ങൾ എന്താണു ചെയ്യേണ്ടത്.
നിയമം പഠിക്കുക. കണിശമായി അനുസരിക്കുക. മിശിഹായുടെ വരവിനുവേണ്ടി പ്രാർത്ഥിക്കുക. വിളി കേട്ടാൽ പുറപ്പെടാൻ ഒരുങ്ങിയിരിക്കുക.

യോഹന്നാൻ കർശനമായ പരിശീലനം ആരംഭിച്ചു.




അവൻ ദിവസവും അതിരാവിലെ രണ്ടു മണിക്കൂർ നിശബ്ദമായി ധ്യാനിക്കും.


ഞങ്ങളെ പ്രത്യേകമായി തിരഞ്ഞെടുക്കുകയും മോശയിലൂടെ ജീവദായകമായ വചനം ഞങ്ങൾക്കു നൽകുകയും ചെയ്ത ദൈവമേ അങ്ങേക്ക് സ്തോത്രം.
കർത്താവേ അങ്ങേക്കു സ്തോത്രം.
സൂര്യനുദിക്കുമ്പോൾ എല്ലാവരും ഒരുമിച്ച് ഉച്ചത്തിൽ പ്രാർത്ഥിക്കും.


പ്രാർത്ഥനക്കുശേഷം
രണ്ടുമണിക്കൂർ വിശുദ്ധ
ഗ്രന്ഥം വായിക്കും.


തുടർന്നു മൂന്നു മണിക്കൂർ ദേഹാധ്വാനവും കുളിയും ഭക്ഷണവും കഴിഞ്ഞു ഗുരുവിൽനിന്നു നിയമം പഠിക്കും.




മോശവഴി ദൈവം നൽകിയ നിയമം കണിശമായി പാലിക്കണം. ജറുസലേമിലെ ഫരിസേയരും പുരോഹിതരും ചെയ്യുന്നതുപോലെ നിയമം വളച്ചൊടിക്കാൻ പാടില്ല.


നീതിയുടെ മാർഗ്ഗം ഉപദേശിച്ച നമ്മുടെ ഗുരു നൽകിയ വ്യാഖ്യാനം മാത്രമാണു വിശുദ്ധ ഗ്രന്ഥത്തിൻറെ വ്യഖ്യാനം.



പഠനത്തിനുശേഷം വിശുദ്ധ ഗ്രന്ഥ പാരായണം ദേഹാധ്വാനം, കുളി, സൂര്യാസ്തമയസമയത്തു പൊതു പ്രാർത്ഥന. അങ്ങനെ വർഷങ്ങൾ കഴിഞ്ഞു. അവസാനം...
യോഹന്നാൻ, നിൻറെ പരിശീലനം പൂർത്തിയായി. നാളെ മുതൽ നിനക്ക് ഈ സമൂഹത്തിൽ പുരോഹിതനായി 10 പേരുടെ നേതൃത്വം ഏറ്റെടുക്കാം.
ഗുരോ, എനിക്കിനി ഇവിടെ തുടരാനാവില്ല.
?


അങ്ങു നൽകിയ ശിക്ഷണത്തിനു ഞാൻ നന്ദിയുള്ളവനാണ്. പക്ഷേ, എനിക്കീ സമൂഹത്തിൻറെ അംഗമായി തുടരാൻ സാധിക്കുകയില്ല.


എന്താ കാരണം? എനിക്ക് കിട്ടിയതിൽ ഏറ്റവും ഉത്തമനായ ശിഷ്യനാണു നീ.
ദിവസം തോറും നാലുനേരം ദേഹം കഴുകിയതുകൊണ്ടു മാത്രം നാം ശുദ്ധരാകുമോ?
!


തിരഞ്ഞെടുക്കപ്പെട്ടവർ
നമ്മൾ മാത്രമാണെന്നത്
അഹങ്കാരമല്ലേ? ദൈവം
എല്ലാവരുടെയുമല്ലേ?


യോഹന്നാന്റെ തുടർന്നുള്ള ചോദ്യങ്ങൾക്കു മറുപടി പറയാൻ ഗുരുവിന് കഴിഞ്ഞില്ല. അവസാനം....
ഈ ആശ്രമത്തിന്റെ സുരക്ഷിതത്വത്തിൽ നിന്നു ദൈവം എന്നെ മരുഭൂമിയിലേക്കു വിളിക്കുന്നു. എന്നെ അനുഗ്രഹിച്ചു പോകാൻ അനുവദിക്കണം.
സർവ്വശക്തൻ നിന്നെ നയിക്കട്ടെ.


തുടർന്നു മരുഭൂമിയുടെ ഏകാന്തതയിൽ അവൻ വർഷങ്ങൾ ചെലവഴിച്ചു. വെട്ടിക്കിളിയും കാട്ടുതേനുമായിരുന്നു അവൻറെ ആഹാരം. അന്നൊരു ദിവസം...
യോഹന്നാൻ...
ഇതാ ഞാൻ, ആരാണെന്നെ വിളിച്ചത്?

നിൻറെ പിതാക്കന്മാരുടെ
ദൈവമായ
കർത്താവാണു ഞാൻ. സമയമായി,
പോവുക. ചെന്ന് എൻറെ
ജനത്തോടു പറയുക...





ദൈവത്തിൽ നിന്നു വിളി ലഭിച്ച യോഹന്നാൻ ജോർദ്ദാൻ നദിയുടെ തീരത്തേക്കു വന്നു. ജനങ്ങൾ അവനു ചുറ്റും തിങ്ങിക്കൂടി.
മനസ്സു തിരിയുവിൻ, ദൈവരാജ്യം സമീപിച്ചിരിക്കുന്നു.


കർത്താവിൻറെ ഭീകരമായ വിധിയുടെ ദിവസം ഇതാ ആസന്നമായിരിക്കുന്നു. അഹങ്കാരത്താൽ മലപോലെ ഉയർന്നുനിൽക്കുന്ന ഹൃദയങ്ങളെ ഇടിച്ചു നിരത്തുവിൻ.
!?


വക്രതയും കാപട്യവും നിറഞ്ഞ പിതാക്കന്മാരുടെ മാർഗ്ഗം ഉപേക്ഷിക്കുവിൻ. നീതിയുടെ നേരായ മാർഗ്ഗം സ്വീകരിക്കുവിൻ.


സാധാരണ ജനങ്ങളിൽ അനേകർ അവൻറെ വാക്കുകേട്ട് മാമ്മോദീസാ സ്വീകരിച്ചു.
അനുതാപത്തിന്റെ മാമ്മോദീസാ സ്വീകരിക്കുക. കർത്താവിനോട് നിൻറെ തെറ്റുകൾ ഏറ്റുപറഞ്ഞു മാപ്പിരക്കുക.
ഗുരോ, ഞങ്ങൾ ഇനി എന്തു ചെയ്യണം?


പൂഴ്ത്തി വച്ചിരിക്കുന്നതു പങ്കുവയ്ക്കുവിൻ. രണ്ടുടുപ്പുള്ളവൻ ഒന്ന് ഇല്ലാത്തവനു കൊടുക്കട്ടെ. ആഹാരമുള്ളവനും അങ്ങനെ തന്നെ ചെയ്യട്ടെ. നിൻറെ സഹോദരൻ തണുത്തുവിറയ്ക്കുമ്പോൾ ആവശ്യത്തിലേറെ വസ്ത്രം സൂക്ഷിക്കുന്നത് പാപമാണ്.


വിശന്നു വലയുന്ന സഹോദരനു കൊടുക്കാതെ ആഹാരം വച്ചു സൂക്ഷിക്കുന്നത് അപരാധമാണ്. മാനസാന്തരത്തിൻറെ ഫലം നീതിയുടെ പ്രവർത്തികളിലൂടെ പ്രകടമാകട്ടെ.


ഗുരോ, ഞാനൊരു ചുങ്കക്കാരനാണ്. എനിക്കു രക്ഷ കിട്ടുമോ? ഞാൻ എന്തു ചെയ്യണം?
കള്ളപ്രമാണങ്ങൾ ഉണ്ടാക്കരുത്. അനുവദിച്ചിട്ടുള്ളതിൽ കൂടുതൽ ആരിൽ നിന്നും ഈടാക്കരുത്.
ഗുരോ, ഇവൻ റോമാക്കാർക്കു വേണ്ടി നികുതി പിരിക്കുന്ന കുലദ്രോഹിയാണ്. എല്ലാവരെയും ഞെക്കിപ്പിഴിഞ്ഞു കീശ വീർപ്പിക്കുന്ന വഞ്ചകനാണ്
നീ ആരാണ്?


എന്റെ പേര് ശിമയോൻ. കർത്താവിൻറെ നിയമങ്ങളെല്ലാം കണിശമായി അനുസരിക്കുന്ന ഫരിസേയൻ.
നീ എന്തിനിവിടെ വന്നു? നിയമാനുഷ്ഠാനത്തിന്റെ പേരിൽ വിശുദ്ധരെണ് ഊറ്റംകൊള്ളുന്ന നീയും നിൻറെ വർഗ്ഗവും!


കപടഭക്തരേ, കർത്താവിൻറെ സ്വരത്തിനു കാതടക്കുന്ന അണലി സന്തതികളേ, കത്തിപ്പടരുന്ന ക്രോധാഗ്നിയിൽനിന്നു വെള്ളത്തിൽ മുങ്ങി രക്ഷപെടാമെന്ന് നിങ്ങൾ കരുതുന്നുവോ?


ശരീരം
കഴുകിയതു കൊണ്ടായില്ല.
ഹൃദയം കഴുകി
വെടിപ്പാക്കുവിൻ. അഹ
ങ്കാരം വെടിഞ്ഞ്
കരുണയ്ക്കായി
നിലവിളിക്കുവിൻ.


ഗുരോ, സൈന്യസേവനത്തിനു നിർബന്ധിതനായ ഒരു പടയാളിയാണു ഞാൻ. ഞാനെന്തു ചെയ്യണം?
ആരെയും ഭീഷണിപ്പെടുത്തരുത്. കൈക്കൂലി വാങ്ങി അനീതി പ്രവർത്തിക്കരുത്. പാവപ്പെട്ടവർക്ക് സംരക്ഷണം നൽകുക.


ജറുസലേമിൽ നിന്നു യഹൂദ നേതാക്കൾ യോഹന്നാന്റെ അടുത്തേക്കു വന്നു.
ഇസ്രായേൽ ജനത്തിന്റെ നേതൃത്വം വഹിക്കുന്ന പരിശുദ്ധ സാൻഹദ്രിൻ സംഘമാണു ഞങ്ങളെ ഇങ്ങോട്ട് അയച്ചിരിക്കുന്നത്.
നീ ആരാണ്? ഇസ്രായേൽ പ്രതീക്ഷിക്കുന്ന മിശിഹായാണോ?
അല്ല. എന്റെ പിന്നാലെ വരുന്ന അവന്റെ ചെരിപ്പിന്റെ കെട്ടുകൾ അഴിക്കാൻ പോലും ഞാൻ യോഗ്യനല്ല.


മടങ്ങിവന്ന ഏലിയാ പ്രവാചകനാണോ നീ?
ഞാൻ ഏലിയായല്ല. പ്രവാചകാനുമല്ല.



എങ്കിൽ നീ ആരാണ്? ഞങ്ങളെ അയച്ചവർക്കു മറുപടി കൊടുക്കണമല്ലോ.
ഞാൻ ഒരു ശബ്ദമാണ്. മരുഭൂമിയിൽ മുഴങ്ങുന്ന ശബ്ദം.


മനസ്സു തിരിയുവിൻ. അനുതാപത്തിൻറെ സ്നാനം സ്വീകരിക്കുവിൻ.


മാനസാന്തരവും മാമ്മോദീസയും വിജാതീയർക്കു വേണ്ടിയാണ്. ഞങ്ങൾ അബ്രാഹത്തിൻ്റെ മക്കൾ. നിയമം അനുസരിക്കുന്ന തെരഞ്ഞെടുക്കപ്പെട്ടവർ.
ഈ അഹന്തയാണ് നിങ്ങളുടെ ഏറ്റവും വലിയ തെറ്റ്.


ഈ കല്ലുകളിൽ നിന്ന് അബ്രാഹത്തിൻറെ സന്തതികളെ പുറപ്പെടുവിക്കാൻ കർത്താവിനു കഴിയും. ദൈവം എല്ലാവരുടെയും ദൈവമാണ്.
നീ മിശിഹായും അല്ല പ്രവാചകനും അല്ലെങ്കിൽ പിന്നെ മാമ്മോദീസ നൽകാൻ ആരാണ് നിനക്ക് അധികാരം നൽകിയത്?


ഞാൻ നൽകുന്നതു ജലത്താലുള്ള മാമ്മോദീസയാണ്. മിശിഹായെ സ്വീകരിക്കുന്നതിനു നിങ്ങളെ ഒരുക്കാൻ.


അവൻ നിങ്ങളെ അഗ്നിയാലും പരിശുദ്ധാത്മാവിനാലും സ്നാനപ്പെടുത്തും. വിധിയുടെ കോടാലിയുമായി അവൻ വരും.



ഫലം പുറപ്പെടുവിക്കാത്ത മരങ്ങൾ അവൻ വെട്ടിവീഴ്ത്തി ചുട്ടെരിക്കും.
!!?


ഫരിസേയർ പോയിക്കഴിഞ്ഞപ്പോൾ.
നിങ്ങൾ ആരാണ്? എവിടെയോ വച്ചു കണ്ടിട്ടുണ്ടല്ലോ.
ഞാൻ യാക്കോബ്, ഇത് അന്ത്രയോസ്. ഞങ്ങൾ കുറച്ചു കാലം ഖുമ്റാനിലുണ്ടായിരുന്നു. അത് എൻറെ അനുജൻ യോഹന്നാൻ.


ഞങ്ങൾ കഫെർണാമിൽ നിന്നു വരികയാണ്. അങ്ങയുടെ ശിഷ്യന്മാരാകാൻ ആഗ്രഹിക്കുന്നു.
ഹേറോദേസിൻറെ അക്രമങ്ങൾ അങ്ങ് അറിയുന്നുണ്ടായിരിക്കുമല്ലോ. തീവ്രവാദികൾ അവനെതിരേ സംഘടിച്ചുകൊണ്ടിരിക്കയാണ്.


അതിക്രമങ്ങൾക്ക് അറുതി വരുത്താൻ കർത്താവു തീരുമാനിച്ചു കഴിഞ്ഞു. പക്ഷേ, അതു തീവ്രവാദികളിലൂടെ ആയിരിക്കുകയില്ല.
അതാ, ഹേറോദേസിൻറെ രഥമാണല്ലോ ആ വരുന്നത്. മക്കേരൂസ് കോട്ടയിലേക്കാണെന്നു തോന്നുന്നു.


ഹേറോദേസ്, പാവങ്ങളുടെ രക്തം കലർത്തി കൊട്ടാരം പണിയുന്ന നിൻറെ അതിക്രമങ്ങൾക്കതിരില്ലേ? മോശയുടെ നിയമങ്ങളെ കാറ്റിൽ പറത്താമെന്നു കരുതുന്നുവോ?
?!!


രഥത്തിനുള്ളിൽ.
ആരാണ് അലറുന്നത്?
ഒരു മതഭ്രാന്തൻ. യോഹന്നാൻ. പ്രവാചകന്മാരുടെ വിളയാട്ടമല്ലേ നാട്ടിൽ!


നിന്റെ സഹോദരൻ ജീവിച്ചിരിക്കെ അവൻറെ ഭാര്യയെ ഭാര്യയായി സ്വീകരിക്കുന്നതു പാപമാണ്. ആ വേശ്യയെ പറഞ്ഞയക്കു. അല്ലെങ്കിൽ നീ നശിക്കും.


വേശ്യ? നീ ഇതിന് അനുഭവിക്കും.



അവർ പോയിക്കഴിഞ്ഞപ്പോൾ.
അദ്ദേഹം ഒരു പ്രവാചകനാണ്. സംശയമില്ല.
ആമോസിന്റെ ധീരത, ഏലിയായുടെ തീഷ്ണത!
രാജാവിനെ വിറപ്പിച്ചു കളഞ്ഞില്ലേ? നമ്മുടെ പ്രസ്ഥാനത്തിന് പറ്റിയ നേതാവു തന്നെ.


അനുതപിക്കുവിൻ. മാനുഷിക ചിന്തകൾ വെടിഞ്ഞ് കർത്താവിൻറെ വഴികൾ തേടുവിൻ.


അതാ അവൻ വരുന്നു. തന്റെ മെതിക്കളം അടിച്ചു വെടിപ്പാക്കാൻ വീശുമുറവുമായി വരുന്നു. ധാന്യം അറപ്പുരയിൽ സൂക്ഷിക്കും. പതിര് കെടാത്ത തീയിൽ ദഹിപ്പിക്കും.


അന്നൊരു ദിവസം നസ്രത്തിലെ യേശുവിൻറെ പണിശാലയിൽ.
ശാലോം. അമ്മയും മകനും സുഖമായിരിക്കുന്നോ?
ശാലോം. ജോസേ, നിന്നെ കണ്ടിട്ട് കുറേ നാളായല്ലോ.


ഞാൻ ജോർദ്ദാനക്കരെ യോഹന്നാന്റെ അടുത്തു വരെ പോയി. രണ്ടാഴ്ച അവിടെ താമസിച്ചു.
ആളുകൾ ധാരാളം വരുന്നുണ്ടോ?


എൻറെ അമ്മായീ, കാണേണ്ട കാഴ്ചയാ. ആയിരങ്ങളല്ലേ ദിവസവും വന്നു മുങ്ങുന്നത്.
അവരെയെല്ലാം ഒറ്റയ്ക്കു യോഹന്നാനു സ്നാനപ്പെടുത്താൻ കഴിയുമോ?
ഇപ്പോൾ പല ശിഷ്യന്മാരും കൂടിയാ മുക്കുന്നത്. കഫർണാമിലെ ആ വലിയ മീൻ കച്ചവടക്കാരൻ സെബദിയില്ലേ, അയാളുടെ രണ്ടു മക്കളും ശിഷ്യന്മാരായി.


സെബദിയെ ഞാൻ അറിയും. നമ്മുടെ ഒരു അകന്ന ബന്ധുവാ.
ആകട്ടെ ഏതു തരക്കാരാ മുങ്ങാൻ വരുന്നത്? നമ്മുടെ നേതാക്കന്മാരും വരുന്നുണ്ടോ?
ഫരിസേയ നേതാക്കന്മാർ ജറുസലേമിൽനിന്നു വന്നു. പക്ഷേ മുങ്ങിയില്ല.


ഗുരുവിനെ ചോദ്യം ചെയ്യാനാ അവർ വന്നത്. ഗുരു അവരെ ശരിക്കൊന്നു വിരട്ടി വിട്ടു.


മത നേതാക്കന്മാരൊഴികെ എല്ലാ കൂട്ടരും വന്നു മുങ്ങുന്നുണ്ട്. ചുങ്കക്കാരും പട്ടാളക്കാരും ബറാബ്ബാസും കൂട്ടരും പോലും.
എന്ത്, നമ്മുടെ അബ്ബാസിന്റെ മകനോ? ആ തീവ്രവാദികളും മാമ്മോദീസ മുങ്ങുന്നെന്നോ?


അവരാ മുൻപന്തിയിൽ. യോഹന്നാനെ നേതാവായി സ്വീകരിച്ചു യുദ്ധത്തിന് ഒരുങ്ങാനാണ് അവരുടെ നീക്കം.
യോഹന്നാൻ അതിനു തയ്യാറാണോ?
അവർ ഇതുവരെ ഈ കാര്യം ഗുരുവിനോടു പറഞ്ഞിട്ടില്ല. ഗുരുവാണെങ്കിൽ അനുതപിക്കുവിൻ എന്നാണു പറയുന്നത്.


ഹേറോദേസിനെ വെല്ലുവിളിച്ചതോടെയാണ് തീവ്രവാദികൾ അവനിൽ കൂടുതൽ ശ്രദ്ധിക്കുന്നത്.
മാനസാന്തരത്തിനു വിളിക്കുന്നവൻ ആയുധമെടുക്കാൻ കൂട്ടുനിൽക്കുമോ?


അത് ഇനിയും തീർച്ചയായിട്ടില്ല.

നിശ്ചയിക്കപ്പെട്ട സമയമായപ്പോൾ യേശു മാമ്മോദീസ സ്വീകരിക്കാനായി യോഹന്നാന്റെ അടുക്കലേക്കു വന്നു.




ഞാൻ നിന്നിൽ നിന്നും മാമ്മോദീസ സ്വീകരിക്കേണ്ടിയിരിക്കെ നീ എൻറെ അടുക്കലേക്കു വരുന്നതെന്തിന്.
ദൈവഹിതം പൂർണമായി നിറവേറ്റുകയാണല്ലോ നാം ചെയ്യേണ്ടത്.


ദൈവരാജ്യത്തിനൊരുക്കമായി അനുതാപത്തിന്റെ മാമ്മോദീസ സ്വീകരിക്കുക.

യേശു മാമ്മോദീസ സ്വീകരിച്ചപ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ടു. പരിശുദ്ധാത്മാവു പ്രാവിന്റെ രൂപത്തിൽ അവന്റെ മേൽ ഇറങ്ങിവന്നു.




സ്വർഗ്ഗത്തിൽ നിന്നു പിതാവിൻറെ സ്വരം മുഴങ്ങി.
നീ എൻറെ പ്രിയപുത്രനാകുന്നു നിന്നിൽ ഞാൻ സംപ്രീതനായിരിക്കുന്നു.

മാമ്മോദീസ സ്വീകരിച്ച യേശുവിനെ
പരിശുദ്ധാത്മാവു മരുഭൂമിയിലേക്കു നയിച്ചു.



അടുത്ത ചിത്രകഥ:

മരുഭൂമിയിലെ വിജയം

നസ്രത്തിലെ പ്രഖ്യാപനം

യുഗാന്ത

പ്രവാചകൻ

# ചോദ്യങ്ങൾ

1. യഹൂദർ കാനേഷുമാരിയെ എതിർത്തത് എന്തുകൊണ്ട്?
2. ദേവാലയത്തിലെ സംഭവം എന്താണു വെളിപ്പെടുത്തുന്നത്?
3. എസ്സേൻ സന്യാസികളെക്കുറിച്ച് നിങ്ങൾക്ക് എന്തറിയാം?
4. നസ്രത്തിലെ അജ്ഞാത ജീവിതം എന്ത് സന്ദേശമാണു നൽകുന്നത്?
5. എന്തായിരുന്നു സ്നാപകന്റെ വേഷം? അത് ആരെ ഓർമിപ്പിക്കുന്നു?.
6. യോഹന്നാൻ ചുങ്കക്കാരോടും പടയാളികളോടും എന്തു പറഞ്ഞു?
7. യോഹന്നാൻ നൽകിയ മാമ്മോദീസ എന്തിൻറെ അടയാളമായിരുന്നു?
8. യോഹന്നാൻ ഹേറോദേസിനെ കുറ്റപ്പെടുത്തിയത് എന്തുകൊണ്ട്?
9. യേശു മാമ്മോദീസ സ്വീകരിച്ചത് എന്തിനുവേണ്ടി?
10. യേശുവിൻറെ കാലത്തെ തീവ്രവാദി സംഘടനയെക്കുറിച്ച് നിങ്ങൾക്ക് എന്തറിയാം?

# സമ്പൂർണ്ണ ബൈബിൾ ചിത്രകഥകളിലൂടെ

1. കായേനും ആബേലും
2. അബ്രാഹം
3. യാക്കോബ്
4. ജോസഫ്
5. മോശ
6. ജോഷ്വാ
7. സാംസൺ
8. റൂത്ത്
9. സാമുവേൽ
10. സാവൂൾ
11. ദാവീദ്
12. ദാവീദുരാജാവ്
13. സോളമൻ
14. ഏലിയാ
15. ആമോസ്
16. ഹോസിയാ
17. മിക്കാ
18. ഏശയ്യാ
19. ജറെമിയാ
20. എസേക്കിയേൽ
21. സഖറിയാ
22. യോനാ
23. ജോബ്
24. തോബിത്
25. ദാനിയേൽ
26. സൂസന്ന
27. എസ്തേർ
28. യൂദിത്ത്
29. മക്കബേയൂസ്
30. മക്കബായർ
31. കാത്തിരിപ്പ്
32. ലോകത്തിന്റെ പ്രകാശം
33. മുന്നോടി
34. പ്രവാചകൻ
35. വിമോചകൻ
36. വരാനിരുന്നവൻ
37. പ്രപഞ്ചത്തിന്റെ നാഥൻ
38. ദൈവപുത്രൻ
39. മനുഷ്യപുത്രൻ
40. കുരിശിന്റെ നിഴലിൽ
41. മാർഗ്ഗം
42. ദാവീദിന്റെ പുത്രൻ
43. ജീവന്റെ അപ്പം
44. രക്ഷകൻ
45. എന്നും നമ്മോടുകൂടെ
46. തീനാവുകൾ
47. രക്തസ്നാനം
48. അകലങ്ങളിലേക്ക്
49. നൈവേദ്യം
50. പുതിയ ആകാശവും പുതിയ ഭൂമിയും